പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1112 — 06.02.2020-ൽ മറുപടിക്ക്

## കൽപ്പറ്റ മണ്ഡലത്തിലെ പാലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) 2016-17 ബഡ്ജറ്റിൽ കൽപ്പറ്റ മണ്ഡലത്തിൽ 10 കോടി രൂപ വീതം അനുവദിച്ച കോട്ടത്തറ ഡാം സൈറ്റ് പാലം, മണ്ണാറക്കുണ്ട് പാലം, ചുഴലിപ്പാലം എന്നിവയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) കോട്ടത്തറ ഡാം സൈറ്റ് പാലത്തിന്റെയും മണ്ണാറക്കുണ്ട് പാലത്തിന്റെയും രൂപകൽപ്പന നടന്നു വരുന്നു. ചുഴലി പാലത്തിന്റെ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. |
| (ബി) ഈ പദ്ധതികൾ എന്നു ടെൻഡർ ചെയ്യാനാകും;<br>(സി) ഈ പദ്ധതികളുടെ ടെൻഡർ നടപടികൾ വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആയത് ഉടൻ പരിഹരിച്ച് പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) & (സി) രൂപകൽപ്പന പൂർത്തിയായ ശേഷം മേൽപ്പറഞ്ഞ മൂന്നു പാലങ്ങളുടെയും വിശദമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ചതിനുശേഷം ടെണ്ടർ ചെയ്യാൻ കഴിയും. |
| (ഡി) കൽപ്പറ്റ മണ്ഡലത്തിലെ തുർക്കി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; എന്ന് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) തുർക്കി പാലത്തിന്റെ ബാക്കി പ്രവൃത്തികൾ നിലവിലുള്ള കരാറുകാരൻ മുഖാന്തിരം പൂർത്തീകരിക്കുന്നതിനായി 4.97 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരവേ ഇപ്പോൾ അനുവദിച്ച കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലെന്നും, ഒറിജിനൽ എഗ്രിമെന്റ് നിരക്ക് അനുവദിച്ചാൽ മാത്രമേ പ്രവൃത്തി തുടരാൻ കഴിയുകയുള്ളു എന്നും കരാറുകാരൻ അറിയിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ